# യുണൈറ്റഡ് കിംഗ്ഡം, മാലിദ്വീപ് സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രി നടത്തിയ യാത്രാ പ്രസ്താവന

ജൂലൈ 23, 2025

ഞാൻ ജൂലൈ 23 മുതൽ 26 വരെ UK, മാലിദ്വീപ് സന്ദർശനം ആരംഭിക്കുകയാണ്.

2. ഇന്ത്യയും UK യും തമ്മിൽ പങ്കിടുന്ന സമഗ്ര തന്ത്രപരമായ പങ്കാളിത്തം സമീപ വർഷങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. നമ്മുടെ സഹകരണം വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, നൂതനാശയം, പ്രതിരോധം, വിദ്യാഭ്യാസം, ഗവേഷണം, സുസ്ഥിരത, ആരോഗ്യം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. പ്രധാനമന്ത്രി സർ കെയർ സ്റ്റാർമറുമായുള്ള എന്റെ കൂടിക്കാഴ്ചയിൽ, ഇരുരാജ്യങ്ങളിലെയും അഭിവൃദ്ധി, വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നമ്മുടെ സാമ്പത്തിക പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്തുതിനുള്ള അവസരം നമുക്ക് ലഭിക്കും. സന്ദർശന വേളയിൽ ചാൾസ് III രാജാവിനെ സന്ദർശിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

3. അതിനുശേഷം മാലിദ്വീപിന്റെ 60-ാം സ്വാതന്ത്ര്യദിന വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസുവിന്റെ ക്ഷണപ്രകാരം ഞാൻ മാലിദ്വീപിലേക്ക് പോകും. നമ്മുടെ ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 60-ാം വാർഷികം കൂടിയാണ് ഈ വർഷം. സമഗ്രമായ സാമ്പത്തിക, സമുദ്ര സുരക്ഷാ പങ്കാളിത്തത്തിന്റെ സംയുക്ത കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ സമാധാനം, അഭിവൃദ്ധി, സ്ഥിരത എന്നിവയ്ക്കായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും പ്രസിഡന്റ് മുയിസുവുമായും മറ്റ് രാഷ്ട്രീയ നേതൃത്വവുമായും ഉള്ള എന്റെ കൂടിക്കാഴ്ചകൾക്കായി ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

4. ഈ സന്ദർശനം പ്രത്യക്ഷമായ ഫലങ്ങൾ നൽകുമെന്നും, നമ്മുടെ ജനങ്ങൾക്ക് പ്രയോജനം ചെയ്യുമെന്നും, നമ്മുടെ അയൽപക്കം ആദ്യം എന്ന നയം മുന്നോട്ട് കൊണ്ടുപോകുമെന്നും എനിക്ക് ഉറപ്പുണ്ട്.

**ന്യൂഡൽഹി**

**ജൂലൈ 23, 2025**